പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 11.07.2016 -ൽ മറുപടിക്ക്

ചോദ്യം നം. 989

**മത്സ്യത്തൊഴിലാളി രംഗത്ത് വികസന – ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| എ) | മത്സ്യത്തൊഴിലാളി രംഗത്ത് വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ വകുപ്പ് ഉൾപ്പെടെ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; | എ) | ഫിഷറീസ് വകുപ്പിന്റെ കീഴിൽ 8 ഏജൻസികൾ പ്രവർത്തിക്കുന്നു<br>1) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്<br>2) മത്സ്യഫെഡ്<br>3) സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ(SAF)<br>4) കേരള തീരദേശ വികസന കോർപ്പറേഷൻ (KSCADC)<br>5) സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (FIRMA)<br>6) ജലകൃഷി വികസന ഏജൻസി (ADAK)<br>7) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് (NIFAM) |

| | | | |
|---|---|---|---|
| | | | 8) ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി (FFDA) |
| ബി) | ഇവയെ ഏകോപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ; | | ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ മത്സ്യമേഖലയുടെ മുന്നേറ്റത്തിനായി വ്യത്യസ്തങ്ങളായ മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഇവയെ ഏകോപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |
| സി) | ഇവയിൽ നിന്ന് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുമോ? | | ആനുകൂല്യങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 19 പദ്ധതികളും, അനുബന്ധ തൊഴിലാളികൾക്കായി 11 പദ്ധതികളും നടപ്പിലാക്കി വരുന്നു.

### മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായം തുക |
|---|---|---|
| 1 | **ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി**<br>i) അപകടമരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത<br>ii) കുട്ടികളുടെ പഠന ചിലവ് (2 പേർക്ക് പരമാവധി)<br>iii) ശവസംസ്കാര ചിലവ്<br>iv) അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത<br>v) അപകടത്തെതുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിൽസയ്ക്ക് (പരമാവധി) | 5,00,000/-<br>10,000/-<br>2000/-<br>2,50,000/-<br>25,000/- |
| 2 | മത്സ്യബന്ധനസമയത്തോ, തൊട്ടുപിന്നാലെയോ അപകടംകൊല്ലാതെയുള്ള മരണം **(ബോർഡിൽ നിന്നു ലഭിക്കുന്ന ധന സഹായം** | 50,000/- |
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000/- |
| 4 | വാർദ്ധക്യകാല പെൻഷൻ( പ്രതിമാസം) | 600/- |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം **(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം)** | 15,000/- |
| 6 | **ആം ആദ്മി ബീമ യോജന പദ്ധതി***<br>i) അപകട മൂലം സംഭവിക്കുന്ന മരണം<br>ii) അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>iii) അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>iv) സ്വാഭാവിക മരണം<br>v) 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75,000/-<br>75,000/-<br>37,500/-<br>30,000/-<br>1200/- രൂപ ((പ്രതിവർഷം) |
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചിലവ് | 600/- |
| 8 | **എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്**<br>10എ+ലഭിക്കുന്നവർക്ക്<br>9എ+ലഭിക്കുന്നവർക്ക്<br>8എ+ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോസ്കൂളിലെയും) | 5,000/-<br>4,000/<br>3,000/-<br>3000/- |
| 9 | കുടുംബ സംവിധാന പദ്ധതി | 500/- |
| 10 | മാരകരോഗചികിൽസാ പദ്ധതി (പരമാവധി) | 50,000/- |
| 11 | ചെയർമാൻസ് റിലീഫ് ഫ് | 5000/- |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ ശുശ്രൂഷാ ധനസഹായം | 750/- |
| 14 | **ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം** പ്ലസ് 2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭി | 5000/- രൂപ |

| | | |
|---|---|---|
| | ക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കറി പരീക്ഷയിൽ<br>എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് | 5000/- രൂപ |
| 15 | ബോധവൽകരണ പരിപാടി | |
| 16 | മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക് പെൻഷൻ( വിധവാ പെൻഷൻ) | 600/- |
| 17 | <u>കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം.</u><br>**<u>A. ദേശീയതലത്തിൽ</u>**<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br>**<u>ദേശീയമത്സരങ്ങളിൽ</u>** <u>സംസ്ഥാനത്തെ പ്രതിനിധീ</u><br>**<u>കരിക്കുന്നവർക്ക്</u>** (ഗ്രൂപ്പ്അടിസ്ഥാനത്തിൽ)<br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രാം സ്ഥാനം നേടുന്നവർക്ക് മൂന്നാം<br>സ്ഥാനം നേടുന്നവർക്ക്<br>**<u>B. സംസ്ഥാന തലത്തിൽ</u>**<br>ഒന്നാം സ്ഥാനം നേടുന്നവർക്ക് രാം<br>സ്ഥാനം നേടുന്നവർക്ക് മൂന്നാം<br>സ്ഥാനം നേടുന്നവർക്ക്<br><u>ഗ്രൂപ്പ് അടിസ്ഥാനത്തിൽ</u><br>ഒന്നാം സ്ഥാനം നേടുന്നവർക്ക് രാം<br>സ്ഥാനം നേടുന്നവർക്ക് മൂന്നാം<br>സ്ഥാനം നേടുന്നവർക്ക് | 10,000 രൂപ<br>8,000 രൂപ<br>5,000 രൂപ<br>8,000 രൂപ<br>5,000 രൂപ<br>3,000 രൂപ<br>5,000 രൂപ<br>3,000 രൂപ<br>2,000 രൂപ<br>3,000 രൂപ<br>2,000 രൂപ<br>1,000 രൂപ |
| 18 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിയക്കുന്ന മുറയ്ക്ക് | 1350/- |
| 19 | അപകടം മൂലമുള്ള താൽക്കാലിക അവശത | 500/- |

## <u>അനുബന്ധത്തൊഴിലാളി ക്ഷേമ പദ്ധതി</u>

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായ ത്തുക |
|---|---|---|
| 1 | <u>ഗ്രൂപ്പ് ഇൻഷുറൻസ്</u><br>i) അപകടമരണം/അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>ii) അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>iii) കുട്ടികളുടെ പഠന ചിലവ് ( 2 പേർക്ക് പരമാവധി)<br>iv) ശവസംസ്കാര ചിലവ്<br>v) അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസയ്ക്ക് ധനസഹായം (പരമാവധി ) | 5,00,000/-<br>2,50,000/-<br>10,000/-<br>2,000/-<br>25,000/- |
| 2 | വാർദ്ധക്യകാല പെൻഷൻ( പ്രതിമാസം) | 600/- |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15,000/- |

| | | |
|---|---|---|
| 4 | പ്രസവശുശ്രൂഷാ ധനസഹായം | 750/- |
| 5 | **എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്**<br>10എ+ലഭിക്കുന്നവർക്ക്<br>9എ+ലഭിക്കുന്നവർക്ക്<br>8എ+ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്ക്കൂളിലെയും) | 5,000/-<br>4,000/<br>3,000/-<br>3000/- |
| 6 | മാരകരോഗചികിൽസാ പദ്ധതി (പരമാവധി) | 25,000/- |
| 7 | അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000/- |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- |
| 9 | ബോർഡിന്റെ പ്രത്യേക ധനസഹായം | |
| 10 | **ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം**<br>പ്ളസ്2 പരീക്ഷയിൽ എല്ലാ വിഷയത്തിലുംഎ+ ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് | 5000/- രൂപ<br>5000/- രൂപ |
| 11 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിയക്കുന്ന മുറയ്ക്ക് | 1350/- |

## 2) മത്സ്യഫെഡ്

1) **എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയ സംയോജിത മത്സ്യ വികസന പദ്ധതി**

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണസംഘങ്ങളിലെ അംഗങ്ങളായ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ , സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉാകുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു.

2) **മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ്സ് പദ്ധതി**

സംഘം വഴി മത്സ്യലേലം ചെയ്യുന്നതിന്റെ മൊത്തം വിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ നിക്ഷേപിക്കേതും ആയതിന്റെ 50% തുക സർക്കാർ വിഹിതമായി മത്സ്യഫെഡിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്.

3) **എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയ പദ്ധതികൾ**

i. ടേം വായ്പകൾ,
ii. മൈക്രോഫിനാൻസ വായ്പ

iii. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി

iv. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം

v. വലകൾക്കുള്ള സബ്സിഡി പദ്ധതി

vi. ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി

vii. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

viii. നാടൻ വള്ളങ്ങളുടെ നവീകരണം

ix. സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി

x. മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ

- മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി സുസുക്കി, യമഹ ഔട്ട് ബോർഡ് മോട്ടോറുകൾ മത്സ്യഫെഡ് നേരിട്ട് ഇറക്കുമതി ചെയ്ത് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

- നിലവിലുള്ള ഇന്ധനക്ഷാമം പരിഹരിക്കുന്നതിതിനും, പ്രവർത്തന ചെലവ് മൂന്നിലൊന്നായി കുറയ്ക്കുവാനും കഴിയുന്ന തരത്തിൽ യാൻമാർ ഡീസൽ എഞ്ചിനുകൾ (100 യൂണിറ്റ്) ഇറക്കുമതി ചെയ്ത് യൂണിറ്റൊന്നിന് പരമാവധി 1 ലക്ഷം രൂപ സബ്സിഡി നൽകികൊ് വിതരണം ചെയ്തു വരുന്നു.

- മത്സ്യഫെഡും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും സംയുക്തമായി എച്ച്.പി.മത്സ്യഫെഡ് 2 റ്റി ഓയിൽ മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

- മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനായി മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഔട്ട് ബോർഡ് മോട്ടോർ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങളിൽ നിന്നും വാറന്റി സർവ്വീസ് ഉൾപ്പെടെ റിപ്പയർ വർക്കുകൾ ചെയ്തു നൽകുന്നു.

- മത്സ്യഫെഡ് വല നിർമ്മാണ കേന്ദ്രങ്ങളിൽ നിന്നും ഗുണമേൻമയേറിയ മത്സ്യബന്ധന വലകൾ ഉൽപാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു.

- മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം ഇൻ ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിനായി മത്സ്യഫെഡ് ഡീസൽ ബങ്കുകളിലൂടെ ഡീസൽ വിതരണം ചെയ്തു വരുന്നു.

- മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊു വരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് ഉതകുന്ന തരത്തിൽ തീരദേശം കേന്ദ്രീകരിച്ച് പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ ലേല സമ്പ്രദായം നടത്തുകയും ഫ്രഷ് ഫിഷ്മാർട്ടുകൾ ആരംഭിച്ചു പ്രവർത്തിപ്പിച്ചു വരികയും ചെയ്യുന്നു. ഇതിലൂടെ

മത്സ്യത്തൊഴിലാളികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയുന്നു.

സാങ്കേതിക പരിജ്ഞാനമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കൾക്ക് ഔട്ട് ബോർഡ് മോട്ടോർ റിപ്പയിറിംഗ് വർക്കിൽ പരിശീലനം നൽകുന്നതു വഴി ഈ മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുവാനും, അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു.

### 3) സാഫ്

ഫിഷറീസ് വകുപ്പിൽ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൺ (സാഫ്) എന്ന ഏജൻസി പ്രവർത്തിക്കുന്നു. തീരമൈത്രി പദ്ധതിയിലൂടെ ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു ഗ്രൂപ്പിന് പരമാവധി 1,60,000 രൂപ ഗ്രാന്റായി നൽകുന്നു. ലഘു സംരംഭങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിനുവേി പ ലിശരഹിത വായ്പ, വിവിധ പരിശീലനങ്ങൾ, സാങ്കേതിക നവീകരണത്തിനുള്ള സഹായം എന്നിവ ലഭ്യമാക്കുന്നു. തീരനൈപുണ്യ പദ്ധതിയിൽ തെരഞ്ഞെടുത്ത യുവതികൾക്ക് 2 മാസകാലയളവിൽ പ്രതിമാസം 2500 രൂപ സ്റ്റൈപ്പന്റായി നൽകുന്നു. കൂടാതെ യൂണിഫോം, ഐ.ഡി കാർഡ്, പാസ ്പോർട്ട് തുടങ്ങിയവയും നൽകിവരുന്നു.

### 4) കേരള തീരദേശ വികസന കോർപ്പറേഷൻ

കേരള സംസ്ഥാനത്തിന്റെ തീരദേശ മേഖലയുടെ സമഗ്ര പുരോഗതിയും സുസ്ഥിരമായ വികസനവും ലക്ഷ്യമിട്ടുകൊ് 1956 ലെ കമ്പനി നിയമം അനുസരിച്ച് 2008 ൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ രൂപീകരിച്ച് 2010 മുതൽ പ്രവർത്തനം ആരംഭിച്ചു

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യത്തൊഴിലാളികൾക്ക് വിവിധ പദ്ധതികളിലൂടെ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കി വരുന്നു.

1. ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്യുന്നു.

2. ഗുണമേന്മയുള്ള മത്സ്യങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഐസ് ബോക്സ് ഘടിപ്പിച്ച ടൂ വീലറുകൾ, ഐസ് ബോക്സ് ഘടിപ്പിച്ച ഓട്ടോറിക്ഷകൾ, ഇൻസുലേറ്റഡ് ട്രക്കുകൾ എന്നിവ വിതരണം ചെയ്യുന്നു.

3. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തെരെഞ്ഞെടുത്ത 1940 മത്സ്യത്തൊഴിലാളികൾക്ക് ഫൈബർ കട്ടമരം വാങ്ങുന്നതിനായി 40,000 രൂപ വീതം സബ്സിഡി നൽകുന്നു.

4. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തെരെഞ്ഞെടുത്ത 3525

ഗുണഭോക്താക്കൾക്ക് വ്യക്തിഗത ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനായി 20,000 രൂപ വീതം ധനസഹായം നൽകുന്നു.

## 5) ഫിർമ

ഫിർമയുടെ പ്രവർത്തന മേഖല പ്രധാനമായും മത്സ്യവിഭവ സംരക്ഷണവും പരിപാലനവും ആണ്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (എൻ.എഫ്.ഡി.ബി) വഴി അലങ്കാര മത്സ്യകർഷകർക്ക് ധനസഹായം സാങ്കേതിക സഹായം എന്നിവ നൽകുന്നതിനുള്ള നോഡൽ ഏജൻസിയായും ഫിർമ പ്രവർത്തിച്ചു വരുന്നു.

## 6) അഡാക്ക്

അഡാക്ക് പ്രധാനമായും ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കി മത്സ്യകർഷകർക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുമാണ് പ്രവർത്തിച്ചു വരുന്നത്. എന്നിരുന്നാലും 13th Finance Commission കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം 2012-13, 2014-15 വർഷങ്ങളിൽ അഡാക്ക് മുഖേന മത്സ്യത്തൊഴിലാളി SHG/Activity Group കൾക്ക് മുൻഗണന നലകി കൂടുകളിലെ മത്സ്യകൃഷി പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി. $2x2x1.5\ m^3$ വലുപ്പമുള്ള 20 കേജുകൾ വീതം ഓരോ ഗ്രൂപ്പിന് നൽകുകയും 1 കേജിൽ 1200 കരിമീൻ/തിലാപ്പിയ കുഞ്ഞുങ്ങളെ വീതം നിക്ഷേപിക്കുകയും ഒരു ഗ്രൂപ്പിന് പരമാവധി ആനുകൂല്യമായി 5,72,000/- രൂപ നൽകുകയും ചെയ്തു. 47 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുകയും ആലപ്പുഴ ജില്ലയിലെ പാതിരാമണൽ, തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായൽ എന്നിവിടങ്ങളിൽ മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുക വഴിയും മത്സ്യത്തൊഴിലാളികൾക്ക് പരോക്ഷമായി പ്രയോജനം ലഭിച്ചിട്ടുണ്ട്.

## 7) നിഫാം

നിഫാം ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ട്രെയിനിംഗുകൾ നടത്തുന്ന ഏജൻസിയാണ്. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും നിഫാം മുഖേന വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നു.

## 8) ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി (FFDA)

ഉൾനാടൻ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് പുതിയ കുളങ്ങളുടെ നിർമ്മാണം, കുളങ്ങളുടെ പുനരുദ്ധാരണം, എന്നിവയ്ക്ക് സബ്സിഡി, മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവയ്ക്കുള്ള ഇൻപുട്ട് സബ്സിഡി, നവീന മത്സ്യകൃഷി രീതിയികൾക്കുള്ള ധനസഹായം, മത്സ്യകർഷകർക്കുള്ള പരിശീലനം എന്നിവ എഫ്.എഫ്.ഡി.എ മുഖേന നൽകി വരുന്നു.

സെക്ഷൻ ഓഫീസർ